# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2943 13.03.2018-ൽ മറുപടിയ്ക്ക്.

## ഹൈമാസ്റ്റ്/മിനിമാസ്റ്റ് സ്ട്രീറ്റ് ലൈറ്റുകൾ

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനമായ കേരളാ ആട്ടോമൊബൈയിൽസ് വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഹൈമാസ്റ്റ് ലൈറ്റ്, ഓട്ടോറിക്ഷ വിതരണം , വെയിറ്റിംഗ് ഷെഡ് നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് കേരള ആട്ടോമൊബയിൽസ് എം .ഡി . യുടെ നിവേദനം എം.എൽ.എ യുടെ ഉപരി കത്തോടെ കോർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിച്ചെങ്കിലും മേൽ പറഞ്ഞ സ്വന്തമായി ഉത്പാദിപ്പിക്കുന്ന ഓട്ടോറിക്ഷ ഒഴികെ മറ്റ് സാധനങ്ങൾ വിതരണം ചെയ്യുന്നതിനും , പ്രവൃത്തികൾക്കും അംഗീകാരം നൽകാൻ കഴിയില്ല എന്ന കോർഡിനേഷൻ കമ്മിറ്റി തീരുമാനം ശ്രദ്ധയിൽപെട്ടോ; | (എ) | ഉണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹൈമാസ്റ്റ്/മിനിമാസ്റ്റ് സ്ട്രീറ്റ് ലൈറ്റുകൾ ടെൻണ്ടർ കൂടാതെ വാങ്ങുന്നതിന മേൽ പറഞ്ഞവ സ്വന്തമായി ഉത്പാദിപ്പിക്കാത്ത | (ബി) | കെ.എസ്.ഐ.ഇ, സിഡ്കൊ, കെൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഹൈമാസ്റ്റ് /മിനിമാസ്റ്റ് സ്ട്രീറ്റ് ലൈറ്റുകൾ |

| | | | |
|---|---|---|---|
| | കെ.എസ്.ഐ.ഇ, സിഡ്കൊ, കെൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ? എങ്കിൽ അതിന്റെ സർക്കാർ ഉത്തരവും തീയതിയും വ്യക്തമാക്കാമോ? | | ടെൻണ്ടർ കൂടാതെ വാങ്ങുന്നതിനു ഉത്തരവൊന്നും തന്നെ നൽകിയിട്ടില്ല. |
| (സി) | കെ.എസ്.ഐ.ഇ, സിഡ്കൊ, കെൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കാത്ത സാധനങ്ങൾ വിതരണം നടത്തി വരുന്ന അവസ്ഥയിൽ ഈ ആവശ്യത്തിലേക്കായി പൊതുമേഖലാ സ്ഥാപനമായ കേരളാ ആട്ടോമൊബൈയിൽസിനെയും പരിഗണിക്കാൻ കഴിയുമോ; ഇല്ലാ എങ്കിൽ കെ.എസ്.ഐ.ഇ, സിഡ്കൊ, കെൽ- എന്നീ സ്ഥാപനങ്ങൾ നിർമ്മിക്കാത്ത സാധനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങുന്നതിനു അനുമതി നൽകിയ സാഹചര്യം വ്യക്തമാക്കാമോ? | (സി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ